പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1811 **26-10-2026-ൽ മറുപടിയ്ക്ക്**

റാന്നിയിലെ തുടർപ്രളയങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പഴകുളം മധു ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) 2018 മുതൽ റാന്നി പട്ടണത്തിൽ തുടരെയുണ്ടാകുന്ന പ്രളയങ്ങൾ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുന്നതും കോടികളുടെ നഷ്ടം സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: 2018 മുതൽ റാന്നി പട്ടണത്തിൽ തുടരെയുണ്ടാകുന്ന പ്രളയങ്ങൾ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുന്നതായും പ്രളയ ജലം കയറി നാശനഷ്ടം സംഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2018-ൽ കേരളത്തിലുണ്ടായ അതിശക്തമായ പ്രളയത്തിൽ ഏറ്റവും ഗുരുതരമായി ബാധിക്കപ്പെട്ട പ്രദേശങ്ങളിൽ ഒന്നാണ് പത്തനംതിട്ട ജില്ലയിലെ റാന്നി പ്രദേശം. കേരളത്തിലാകെ പെയ്ത അതിതീവ്ര മഴമൂലം നൂറുകണക്കിന് വീടുകളും വ്യാപാരസ്ഥാപനങ്ങളും ദിവസങ്ങളോളം വെള്ളത്തിനടിയിലായിരുന്നു. 2018-ന് ശേഷം 2019, 2020 വർഷങ്ങളിലും കാലവർഷത്തിൽ പമ്പയാറ്റിലെ വെള്ളപ്പൊക്കം കാരണം റാന്നി ടൗണിന്റെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറുകയുണ്ടായി. പത്തനംതിട്ട ജില്ലയിൽ 31/07/2026 01/08/2026 തീയതികളിലും തുടർന്നുള്ള ദിവസങ്ങളിലും പെയ്ത അതിതീവ്ര മഴയെ തുടർന്ന് വ്യാപകമായ നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതും, ജില്ലയിലെ വിവിധ പ്രദേശങ്ങൾ പ്രളയബാധിതമായിട്ടുള്ളതുമാണ് . ഇട്ടിയപ്പാറ ടൗണിൽ മാത്രം 329 ൽ അധികം വ്യാപാരസ്ഥാപനങ്ങളിൽ വെള്ളം കയറുകയും നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. പഴവങ്ങാടി ഗ്രാമ പഞ്ചായത്ത് മുഖേന നടത്തിയ വിവരശേഖരണത്തിൽ 20.025 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുള്ളതാണ്.

കാലാവസ്ഥ വ്യതിയാനത്തിൻറെ ഭാഗമായി മഴയുടെ പെയ്ത് രീതിയിൽ വന്ന മാറ്റങ്ങൾ, അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ, ഡ്രൈനേജ് സംവിധാനങ്ങളുടെ അപാകത, പമ്പ നദിയുടെ ജലസംവഹന ശേഷിയിൽ വന്നിട്ടുള്ള മാറ്റങ്ങൾ തുടങ്ങിയ കാരണങ്ങളാൽ റാന്നി ഉൾപ്പെടെയുള്ള പമ്പാ നദിയുടെ തീരത്തുള്ള പട്ടണങ്ങളിൽ പ്രളയഭീഷണി സമീപകാലത്ത് വർദ്ധിച്ചിട്ടുണ്ട്. പമ്പ ബേസിനിലെ പ്രധാന പട്ടണങ്ങൾക്ക് (മുനിസിപ്പാലിറ്റികൾ) risk informed master പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം ഉൾപ്പെടെ നിരവധി ഇടപെടലുകൾ നടന്നിട്ടുണ്ട്. കാലാവസ്ഥ വ്യതിയാന സാഹചര്യങ്ങളെ പ്രാദേശികമായി മനസ്സിലാക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി പമ്പ ബേസിനിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകമായി ലോക്കൽ ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച് (LAPCC) തയ്യാറാക്കിയിട്ടുണ്ട്. ഇത് റാന്നി ഗ്രാമ പഞ്ചായത്തും തയ്യാറാക്കിയിട്ടുണ്ട്.

(ബി) റാന്നിയിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രളയ സാഹചര്യം പരിഗണിച്ച് വിദഗ്ധരുടെ നേതൃത്വത്തിൽ ഒരു പഠനം നടത്തി ശാസ്ത്രീയ മാർഗങ്ങൾ അവലംബിച്ച് പരിഹാര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മറുപടി: പമ്പ ബേസിൻ മുഴുവനായി എടുത്തു കൊണ്ടുള്ള പഠനങ്ങളാണ് നടന്നിട്ടുള്ളത്. റാന്നി ഗ്രാമപഞ്ചായത്തിന് പഞ്ചായത്ത് തല ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്ലാനിൽ പ്രളയ സാധ്യത അടയാളപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കാലാവസ്ഥ വ്യതിയാന സാഹചര്യം കൂടി പരിഗണിച്ചു വിവിധ ആവർത്തന സാധ്യതയുള്ള പ്രളയങ്ങളുടെ ഭൂപടങ്ങൾ (Flood return probability) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൻറെ കൂടി അടിസ്ഥാനത്തിൽ റാന്നി ഗ്രാമപഞ്ചായത്ത് , റാന്നി പട്ടണത്തിലെ പ്രളയ ദുരന്ത ലഘൂകരണത്തിനായി പഞ്ചായത്തിൻറെ DM plan, LAPCC എന്നിവയിൽ ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട് . ഇത്തരം പ്രളയ പ്രതിരോധ പദ്ധതികൾക്ക് സംസ്ഥാന ദുരന്ത ലഘൂകരണ ഫണ്ട് (SDMF) ഉപയോഗപ്പെടുത്താവുന്നതുമാണ്. ഇത്തരം പദ്ധതികൾ തയ്യാറാക്കുന്നതിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ LSGDM പ്ലാൻ കോർഡിനേറ്റർമാരായി സാങ്കേതിക വിദഗ്ധരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ